അടിസ്ഥാനത്തിൽ ജില്ലാകളക്ടറോട് 1999-2000 വർഷത്തെ പദ്ധതി വിഹിതം താൽക്കാലികമായി നിർത്തിവയ്ക്കാനും, അനന്തര നടപടികൾ സ്വീകരിച്ച് ഗവൺമെന്റിലേക്ക് റിപ്പോർട്ട് ചെയ്യുവാനും ആണ് ഉത്തരവായത്. പ്രസ്തുത റിപ്പോർട്ട് ഇതുവരെയും ലഭ്യമായിട്ടില്ല.

(ഡി) മലപ്പുറം ജില്ലാ കളക്ടറിൽ നിന്നും ഇതു സംബന്ധിച്ച് ആവശ്യപ്പെട്ടിരിക്കുന്ന റിപ്പോർട്ട് ലഭിച്ചാലുടൻ നിരോധന ഉത്തരവിൻമേൽ നടപടി സ്വീകരിക്കുന്നതാണ്.

ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ തണൽഭവനപദ്ധതി

34(414) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ തണൽ ഭവനപദ്ധതി പ്രകാരം 1999-2000-ൽ എത്ര വീടുകൾ നിർമ്മിക്കാനാണ് തീരുമാനിച്ചിരിക്കുന്നത് ;

(ബി) അവയിൽ എത്ര വീടുകൾ നിർമ്മിച്ചിട്ടുണ്ട് ;

(സി) ഈ പദ്ധതിപ്രകാരം എത്രപേർക്ക് 1999-2000-ൽ സഹായധനം നൽകി ;

(ഡി) ധനസഹായം ലഭിച്ചവരിൽ നിലവിൽ വീടുള്ളവരോ, ഗൾഫ്നാടുകളിൽ ജോലി ചെയ്യുന്നവരോ, കുടുംബാഗങ്ങളോ ഉൾപ്പെടുന്നുണ്ടോ ;

(ഇ) സ്വന്തമായി വീടില്ലാത്തവരും പട്ടികജാതിയിൽപ്പെട്ടതുമായ ആരുടെ എങ്കിലും അപേക്ഷ നിരസിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ജനറൽ വിഭാഗത്തിൽ 450-ഉം പട്ടികജാതി വിഭാഗത്തിൽ 62-ഉം വീടുകൾ ഉൾപ്പടെ ആകെ 512 വീടുകൾ.

(ബി) 495 ഭവനങ്ങളുടെ പണി നടന്നുവരുന്നു.

(സി) 495 പേർക്ക്.

(ഡി) ഇല്ല.

(ഇ) ഇല്ല.

പനവൂർ-പേരയം റോഡിന്റെ പുനരുദ്ധാരണം

35(415) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് താലൂക്കിൽ പനവൂർ മുതൽ പേരയം വരെയുള്ള റോഡ് തകർന്ന് ഗതാഗത യോഗ്യമല്ലാതായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly